"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ജയശങ്കർ കെ. ജി നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2172/2025/GAD തീയതി,തിരുവനന്തപുരം, 17-05-2025

പരാമർശം:- 26.03.2025 - ലെ സ.ഉ. (സാധാ) നം. 1369/2025/പൊ.ഭ.വ.

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ജയശങ്കർ കെ. ജി സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെത്തുടർന്ന് 31.01.2025 അപരാഹ്നത്തിൽ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന്, പരാമർശ ഉത്തരവ് പ്രകാരം ടിയാളെ അഗ്രിക്കൾച്ചർ ഡയറക്ടറേറ്റിൽ വിജിലൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുകയുണ്ടായി. ശ്രീ. ജയശങ്കർ കെ. ജി നിയമനത്തിനായി കാത്തുനിൽക്കേണ്ടി വന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. ജയശങ്കർ കെ. ജി (പെൻ - 104435)സെന്റർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയിലെ അന്യത്രസേവന കാലാവധി അവസാനിച്ചതിനെത്തുടർന്ന് മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തത് മുതൽ പരാമർശ ഉത്തരവ് പ്രകാരം അഗ്രിക്കൾച്ചർ ഡയറക്ടറേറ്റിൽ വിജിലൻസ് ഓഫീസർ തസ്തികയിൽ നിയമനം ലഭിച്ചതിനാൽ ടി ചുമതലയേൽക്കുന്നതിനായി വിടുതൽ ചെയ്യുന്നതു വരെ, നിയമനത്തിനായി കാത്തുനിൽക്കേണ്ടിവന്ന 01.03.2025 പൂർവാഹ്നം മുതൽ 26.03.2025 അപരാഹ്നം വരെയുള്ള കാലയളവ് (01.02.2025 മുതൽ 28.02.2025 വരെ ആർജ്ജിതാവധി അനുവദിച്ച കാലയളവ് ഒഴികെ) കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12 (7) - ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. ജയശങ്കർ കെ ജി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് (ധനകാര്യ വകുപ്പ് മുഖേന)

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 17-05-2025 13:52:27
സെക്ഷൻ ഓഫീസർ